## അനധികൃതമായി പിരിച്ചുവിട്ട തൊഴിലാളിക്ക് നാല് ലക്ഷം രൂപ നഷ്ടപരിഹാരം

## ഡൽഹി ഹൈക്കോടതി

W.P. (C) No. 8202/2015 Dt. 18.2.2020

റാം ബഹദൂർ ചൗബെ x നാത്തൂസ് സ്വീറ്റ്സ്

നാത്തൂസ് സ്വീറ്റ്സ് എന്ന പലഹാരക്കട സ്ഥിതി ചെയ്യുന്നത് ഡൽഹിയിലെ ബംഗാളി മാർക്കെറ്റിലാണ്. ആ സ്ഥാപനത്തിന് ഡൽഹിയിലെ തന്നെ ന്യൂ ഫ്രന്റ്സ് കോളനിയിൽ ഒരു ശാഖയുണ്ട്. റാം ബഹദൂർ എന്നയാൾ 1980–ൽ ബംഗാളി മാർക്കെറ്റിലെ കടയിൽ വെയ്റ്റർ ആയി ജോലിയിൽ പ്രവേശിച്ചു. 1995 വരെ അവിടെ ജോലി ചെയ്ത തൊഴിലാളിയെ ന്യൂ ഫ്രന്റ്സ് കോളനിയിലെ പലഹാരക്കടയിലേക്ക് മേനേജ്മെന്റ് സ്ഥലം മാറ്റി. അവിടെ ജോലി ചെയ്തുവരവെ 2007–ൽ ചില തൊഴിലാളികളും മേനേജ്മെന്റും തമ്മിൽ തർക്കമുണ്ടായപ്പോൾ റാം ബഹദൂർ നിഷ്പക്ഷ നിലപാട് സ്വീകരിച്ചത് മേനേജ്മെന്റിന് ഹിതകരമായില്ല. തുടർന്ന് മേനേജ്മെന്റ് തൊഴിലാളിയെ ഭീഷണിപ്പെടുത്തി ഒന്നും എഴുതാത്ത കടലാസിൽ അയാളുടെ ഒപ്പ് വാങ്ങുകയും 12.10.2007–ൽ മേനേജ്മെന്റ് തൊഴിലാളിയെ ജോലിയിൽ നിന്ന് പിരിച്ചുവിടുകയും നഷ്ടപരിഹാരമായി 10,500 രൂപ അയാൾക്ക് നല്കുകയും ചെയ്തു. ഇതിനെതിരെ തൊഴിലാളി ലേബർ കോടതിയിൽ പരാതി നല്കി. തന്നെ അനധികൃതമായി പിരിച്ചുവിട്ടുവെന്നും മിനിമം കൂലി നല്കിയില്ലെന്നും പ്രതിദിനം പന്ത്രണ്ട് മണിക്കൂർ ജോലി ചെയ്യിച്ചിട്ടും ഓവർടൈം വേതനം നല്കിയില്ലെന്നും തൊഴിലാളികളെ സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ലെന്നും മറ്റും തൊഴിലാളി ആരോപിച്ചു. തൊഴിലാളിയും മേനേജ്മെന്റും തമ്മിലുള്ള ഒത്തു തീർപ്പ് കരാറനുസരിച്ച് തൊഴിലാളി ജോലി വേണ്ടെന്നുവച്ച് പോയതാണെന്നും ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുണ്ടെന്നും മേനേജ്മെന്റ് ബോധിപ്പിക്കുകയും ഒത്തുതീർപ്പ് കരാർ ഹാജരാക്കുകയും ചെയ്തു. തൊഴിലാളിയുടെ പരാതിയിൽ കഴമ്പില്ലെന്നു കണ്ട ലേബർ കോടതി അയാളുടെ അവകാശവാദം തള്ളിക്കളഞ്ഞു. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. തന്നെ ചതിച്ചും ഭീഷണിപ്പെടുത്തിയും ഒന്നും എഴുതാത്ത കടലാസിൽ ഒപ്പിടുവിച്ചതിനു ശേഷം വ്യാജമായി ചമച്ച രേഖയാണ് മേനേജ്മെന്റ് ലേബർ കോടതിയിൽ ഹാജരാക്കിയതെന്ന് തൊഴിലാളി വാദിച്ചു. തൊഴിലാളിയെ സംബന്ധിച്ച രജിസ്റ്ററുകളും മറ്റു രേഖകളും ഹാജരാക്കാതെ ഒത്തുതീർപ്പ് കരാർ മാത്രം ഹാജരാക്കിയത് വിശ്വസനീയമല്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. 27 വർഷം ജോലി ചെയ്ത തൊഴിലാളിയെ അനധികൃതമായാണ് പിരിച്ചുവിട്ടതെന്ന് വിലയിരുത്തിയ ഹൈക്കോടതി തൊഴിലാളിക്ക് വിരമിക്കൽ പ്രായം തികഞ്ഞതിനാൽ നഷ്ടപരിഹാരമായി നാല് ലക്ഷം രൂപ മേനേജ്മെന്റ് ഒരു ആഴ്ചക്കുള്ളിൽ നല്കണമെന്ന് വിധിച്ചു.